TO
EMIS
PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.26.12.2018.

## ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പാസ്സിംഗ് ഔട്ട് ഇന്ന് (ഡിസം. 27)

ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ 71-ാമത് ബാച്ചിന്റെ പാസ്സിംങ് ഔട്ട് പരേഡ് ഇന്ന് (ഡിസം. 27 ) രാവിലെ 9.30-ന് അരിപ്പ ഫോറസ്റ്റ് ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂട്ട് പരേഡ് ഗ്രൗണ്ടിൽ നടക്കും. വനം വകുപ്പുമന്ത്രി അഡ്വ. കെ. രാജു സല്യൂട്ട് സ്വീകരിക്കും.

തുടർന്ന് നടക്കുന്ന ചടങ്ങിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് വനം മന്ത്രി സർട്ടിഫിക്കറ്റുകളും വിവിധ ഇനങ്ങളിൽ മികവ് പുലർത്തിയവർക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്യും. മുഖ്യവനം മേധാവി പി.കെ. കേശവൻ അദ്ധ്യക്ഷതവഹിക്കും. ഫോറസ്ട്രി ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജോൺ മാത്യു റിപ്പോർട്ട് അവതരിപ്പിക്കും. സതേൺ സർക്കിൾ സി.സി.എഫ്. കെ. വിജയാനന്ദൻ, തിരുവനന്തപുരം ഡി.എഫ്.ഒ. ഡി. രതീഷ് എന്നിവർ ആശംസകൾ അർപ്പിക്കും. ചടങ്ങിന് സാമൂഹ്യവനവത്ക്കരണ വിഭാഗം. പി.സി.സി.എഫ്. കെ. എ. മുഹമ്മദ് നൗഷാദ് സ്വാഗതവും, അരിപ്പ ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂട്ട് ഇൻസ്ട്രക്ടർ എസ്. അനീഷ് നന്ദിയും പറയും.

26/12/18

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ